പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2203 22.01.2014 -ൽ മറുപടിക്ക്

## ബോഡി നിർമ്മാണത്തിനായുള്ള ലോക്കൽ പർച്ചേസ്

ചോദ്യം

ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി. ജമീലാ പ്രകാശം :
ശ്രീ. സി.കെ. നാണു :
" ജോസ് തെറ്റയിൽ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബോഡി നിർമ്മാണത്തിന്റെ ആവശ്യങ്ങൾക്കായി ലോക്കൽ പർച്ചേസ് വഴി കെ.എസ്.ആർ.ടി.സി വാങ്ങലുകൾ നടത്തിയതിനെപ്പറ്റി ഓഡിറ്റ് വിഭാഗമോ വിജിലൻസ് വിഭാഗമോ ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ സാരാംശം എന്താണ്; | (എ) | ബോഡി നിർമ്മാണത്തിന്റെ ആവശ്യങ്ങൾക്കായി ലോക്കൽ പർച്ചേയ്സ് വഴി വാങ്ങലുകൾ നടത്തിയതിനെപ്പറ്റി കെ.എസ്.ആർ.ടി.സിയുടെ ഓഡിറ്റ് വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ലോക്കൽ പർച്ചേയ്സ് നടത്തിയതിലുള്ള ന്യൂനതകളെപ്പറ്റിയാണ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് ബോഡി നിർമ്മാണം നടത്തിയ ഷാസികളുടെ എണ്ണവും, ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് ബോഡി നിർമ്മാണം നടത്തിയ ഷാസികളുടെ എണ്ണവും വ്യക്തമാക്കാമോ ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2669 ഷാസികളിൽ ബോഡി നിർമ്മാണം നടത്തി നിരത്തിൽ ഇറക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 1012 ബസുകൾ ബോഡി നിർമ്മാണം നടത്തി നിരത്തിലിറക്കിയിട്ടുണ്ട്. |
| (സി) | മുൻസർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ ലോക്കൽ പർച്ചേസ് നടത്തിയിട്ടുണ്ട് ; | (സി) | ബോഡി നിർമ്മാണത്തിനായി മുൻ സർക്കാരിന്റെ കാലത്ത് 10.41 കോടി രൂപയുടെ ലോക്കൽ പർച്ചേയ്സ് നടത്തിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര രൂപയുടെ ലോക്കൽ പർച്ചേസ് നടത്തിയിട്ടുണ്ട്; | (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ബോഡി നിർമ്മാണത്തിനായി 12/2013 വരെ 3.76 കോടി രൂപയുടെ ലോക്കൽ പർച്ചേയ്സ് നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇതിന്റെ താരതമ്യത്തിൽ ലോക്കൽ പർച്ചേസിന്റെ വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഇ) | ലോക്കൽ പർച്ചേസിന്റെ വ്യത്യാസം വിലയിരുത്തിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് 2669 ഷാസികളിൽ ബോഡി നിർമ്മാണം നടത്തുന്നതിന് 10.41 കോടി രൂപയുടെ സാധനങ്ങൾ ലോക്കൽ പർച്ചേസ് മുഖേന വാങ്ങുകയും ബസൊന്നിന് ശരാശരി 39,011 രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം 1012 ഷാസികളിൽ ബോഡി നിർമ്മാണം നടത്തുന്നതിന് 3.76 കോടി രൂപയുടെ സാധനങ്ങൾ ലോക്കൽ പർച്ചേസ് മുഖേന വാങ്ങുകയും ബസ് ഒന്നിന് ശരാശരി 37,144 രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ